"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വിജിലൻസ് വകുപ്പ്- പാലക്കാട് ജില്ലയിലെ വേലന്താവളം മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-എ.എം.വി.ഐ, ശ്രീ.സമീർ.വി.കെ, യ്ക്കെതിരെ നൽകിയ കുറ്റാരോപണ മെമ്മോ റദ്ദ് ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.93/2026/VIG   തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-

1. VC.03/2022/PKD നം വിജിലൻസ് കേസിന്മേൽ ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് ,തൃശ്ശൂർ കോടതിയുടെ 28/03/2025 തീയതിയിലെ അന്തിമ ഉത്തരവ്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ഡയറക്ടറുടെ 21/04/2025 ലെ C4-(VC-3/2022/PKD)9754/2022/DVACB നം കത്ത്.
3. 22/08/2025 തീയതിയിലെ എ3/57/2022/വിജി നം കുറ്റാരോപണ മെമ്മോ.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വേലന്താവളം മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ 19.12.2020-ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ. സമീർ വി.കെ.യ്ക്ക് എതിരായി വി.സി. 03/2022/പി.കെ.ഡി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും, കുറ്റാരോപിതനെ കുറ്റവിചാരണ ചെയ്യുന്നതിന് ആവശ്യമായ തെളിവുകൾ ഇല്ലാത്തതിനാൽ ടിയാൾക്കെതിരെ ട്രിബ്യൂണൽ എൻക്വയറിക്ക് ശിപാർശ ചെയ്തുകൊണ്ടുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ പരാമർശം ( 1) പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2) ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിന്റെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.സമീർ.വി.കെ-യ്ക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ മുഖേന അന്വേഷണം നടത്താൻ താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

3) ശ്രീ.സമീർ.വി.കെ യുടെ ഭാഗത്തു നിന്നുമുണ്ടായ കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗതാഗത വകുപ്പിൽ നിന്നും 1960-ലെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 15- പ്രകാരം വകുപ്പുതല നടപടി ആരംഭിക്കുകയും കുറ്റാരോപിതന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ഔപചാരിക അന്വേഷണം നടത്തുകയും ടി അന്വേഷണത്തിലും ശ്രീ. സമീർ വി. കെ-യ്ക്കെതിരെ തുടർനടപടികൾക്ക് പര്യാപ്തമായ തെളിവുകളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുള്ളതാണ്. മേൽ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ KCS (CC&A) Rules ചട്ടം 11(1)(vA) പ്രകാരം രണ്ട് വാർഷിക വേതനവർദ്ധനവുകൾ സഞ്ചിതഫലത്തോടെ രണ്ട് വർഷത്തേക്ക് തടയുന്നതിനുള്ള താൽക്കാലിക തീരുമാനം ഭരണ വകുപ്പ് കൈക്കൊള്ളുകയും വിജിലൻസ് വകുപ്പ് ആ തീരുമാനം അംഗീകരിക്കുകയുമുണ്ടായി.

4) ശ്രീ.സമീർ.വി.കെ-യ്ക്കെതിരെ ഗതാഗത വകുപ്പിൽ നിന്നും KCS (CC&A) Rules ചട്ടം 11(1)(vA) പ്രകാരം രണ്ട് വാർഷിക വേതനവർദ്ധനവുകൾ സഞ്ചിതഫലത്തോടെ രണ്ട് വർഷത്തേക്ക് തടയുന്നതിനു തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിൽ, വിജിലൻസ് ട്രിബ്യൂണൽ മുഖാന്തരം അന്വേഷണം നടത്തുന്നതിന് കൈക്കൊണ്ട താത്കാലിക തീരുമാനവും പരാമർശം (3) പ്രകാരം കുറ്റാരോപിതന് നൽകിയ കുറ്റാരോപണ മെമ്മോയും റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം ടി കെ

ജോയിന്റ് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

ശ്രീ.സമീർ.വി.കെ, എ.എം.വി.ഐ (ഗതാഗത കമ്മീഷണർ മുഖേന)

വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം

ഗതാഗത വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, ഐ& പി ആർ ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 20-05-2026 09:51:23